## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *10 09-03-2015 ന് മറുപടിക്ക്

## ആദിവാസി ഊരുകളുടെ ഉന്നമനത്തിനുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഹൈബി ഈഡൻ<br>" എം.എ. വാഹീദ്<br>" ഐ.സി. ബാലകൃഷ്ണൻ<br>" സി. പി. മുഹമ്മദ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു.വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദിവാസി ഊരുകളുടെ ഉന്നമനത്തിന് "ഊരിനുണർവ് കാടിനുണർവ് പദ്ധതി", പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | മിഷൻ 676 വഴിയുള്ള പദ്ധതികളിൽ വനം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (സി) | അനുബന്ധത്തിൽ ചേർത്തിട്ടുളള പദ്ധതികളെ സംബന്ധിച്ച രൂപ രേഖ തയ്യാറാക്കുന്നതിനുവേണ്ടി വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ ഒരു യോഗം 28-05-2014-ലും, ഡിവിഷൻതല ഉദ്യോഗസ്ഥരുടെ ഒരു യോഗം 07-06-2014-ലും വനം വകുപ്പാസ്ഥാനത്ത് കൂടുകയുണ്ടായി. ഈ യോഗങ്ങളുടെ തീരുമാനപ്രകാരം ടി പദ്ധതികളുടെ രൂപരേഖ തയ്യാറാക്കി കഴിഞ്ഞു.<br>"ഊരിനുണർവ് കാടിനുണർവ്" പദ്ധതിയുടെ ഭാഗമായി വനം വകുപ്പുദ്യോഗസ്ഥർ കേരളത്തിലെ എല്ലാ ആദിവാസി ഊരുകളും സന്ദർശിച്ച് താമസക്കാരുമായി ആശയവിനിമയം നടത്തുകയുണ്ടായി. ലഘുവായ ചില പ്രവർത്തനങ്ങളിലൂടെ ഈ ഊരുകളിലെ ചില കാതലായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ കഴിയുമെന്ന് മനസ്സിലാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകൾ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ പ്രയോജനം ഈ ഇടപെടലുകളിലൂടെ |

.......2

ലഭ്യമാക്കാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഒരു ലക്ഷം രൂപവരെ ഒരു കോളനിയിൽ ചുവടെ പറയുന്ന വികസനാവശ്യങ്ങൾക്കായി ചെലവാക്കുന്നു.

1. കുടിവെള്ള ലഭ്യത
2. റോഡു വികസനം
3. അംഗൻവാടി, ഏകാദ്ധ്യാപക സ്കൂളുകളിലെ സൗകര്യം
4. ആരോഗ്യ പരിപാലനം
5. വീടുകളുടെ അറ്റകുറ്റപ്പണി
6. ജൈവകൃഷി
7. റേഷൻ കട, പൊതുവിതരണ സംവിധാനം
8. വീട്ടു വൈദ്യുതീകരണം
9. ലൈറ്റുകൾ സ്ഥാപിക്കൽ
10. സൗരോർജ്ജ വേലി നിർമ്മാണം.

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

(ഡി) മിഷൻ 676 വഴിയുള്ള പദ്ധതികളിൽ ഫോറസ്റ്റ് അക്കാദമി കേന്ദ്ര സർക്കാരിന്റെ JICA ഫണ്ടുപയോഗിച്ച് നടപ്പാക്കി വരുന്നു. മറ്റ് പദ്ധതികളിൽ കൃഷിരക്ഷാ പദ്ധതി, ഇക്കോകേഡറ്റ്സ്, കുരുവിക്കൊരു കൂട്, പ്രകൃതി മിത്ര അവാർഡ്, തൃശ്ശൂർ മൃഗശാല എന്നിവയ്ക്ക് ഭരണാനുമതി ലഭിച്ചു. രക്ഷക്കൊരു വൃക്ഷം പദ്ധതി 2014-15-ൽ നടപ്പാക്കി. "ഊരിനുണർവ് കാടിനുണർവ്" പദ്ധതി നടപ്പാക്കാൻ 60 ലക്ഷം രൂപ വനം വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചു. 200 ലക്ഷം രൂപയുള്ള പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പിലേയ്ക്ക് ഭരണാനുമതിയ്ക്ക് നൽകിയിട്ടുണ്ട്. ഫീൽഡുതലത്തിൽ പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1) കൃഷി രക്ഷാ പദ്ധതി - വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനുള്ള 259 കോടി രൂപയുടെ സംസ്ഥാനതല പദ്ധതി.

2) **"ഊരിനുണർവ് കാടിനുണർവ് "** - ആദിവാസി ഊരുകളുടെ ഉന്നമനത്തിനുള്ള വന സൗഹൃദ പദ്ധതി. 725 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

3) **"ജലസമൃദ്ധി"** - ജല ലഭ്യത ഉറപ്പാക്കുന്നതിനുവേണ്ടി 20 കോടി രൂപ ചെലവിൽ 500 തടയണകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി.

4) **ഇക്കോ കേഡറ്റ്സ്** - പരിസ്ഥിതി സംരക്ഷണത്തിന്റെ സന്ദേശ വാഹകരായി വിദ്യാർത്ഥി സമൂഹത്തെ മാറ്റി എടുക്കുന്നതിന്റെ ഭാഗമായി ആയിരത്തോളം വിദ്യാർത്ഥികളെ ചേർത്ത് ഇക്കോ കേഡറ്റ്സ് എന്ന പേരിൽ ഒരു വിദ്യാർത്ഥി സേനയെ വാർത്തെടുക്കുന്ന പദ്ധതി. 25 ലക്ഷം രൂപ ചെലവ് വരും.

5) **കുരുവിക്കൊരു കൂട്** - സംസ്ഥാന വ്യാപകമായി മാധ്യമ പ്രവർത്തകരുടെ സംഘടനകളും മറ്റു സന്നദ്ധ പ്രവർത്തകരുമായി സഹകരിച്ച് അങ്ങാടി കുരുവികളുടെ സംരക്ഷണത്തിനായുള്ള പദ്ധതി. 20 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

6) **പ്രകൃതി മിത്ര അവാർഡ്** - ഓരോ പഞ്ചായത്തിലും ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായി പ്രവർത്തിക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു വ്യക്തിക്ക് പഞ്ചായത്തു തലത്തിൽ 2000 രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന പ്രകൃതി മിത്ര അവാർഡ് ഏർപ്പെടുത്തുന്ന പദ്ധതി.

7) **Budding Burders (തുടക്കക്കാരായ പക്ഷി നിരീക്ഷകർ)** - വിദ്യാർത്ഥികളിൽ പക്ഷി നിരീക്ഷണത്തിനും, ചിത്രശലഭ നിരീക്ഷണത്തിനും കൗതുകം വളർത്തുന്നതിനായുള്ള 15 ലക്ഷം രൂപയുടെ പദ്ധതി.

8) **രക്ഷക്കായി ഒരു വൃക്ഷം** - പൊതുജനങ്ങൾക്കായി ഏകദേശം 75 ലക്ഷത്തോളം വൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. 2014-15 വർഷം നടപ്പാക്കി.

9) **തൃശ്ശൂർ മൃഗശാലയുടെ ആദ്യഘട്ട ഉദ്ഘാടനം** - അന്താരാഷ്ട്ര നിലവാരത്തിലുള്ള തൃശ്ശൂർ മൃഗശാലയുടെ ഉദ്ഘാടനം 2016ൽ നടത്താനുള്ള പദ്ധതി.

10) **അരിപ്പയിലെ ഫോറസ്റ്റ് അക്കാഡമി** - നവീന സൗകര്യങ്ങളും, കൂടുതൽ സംവിധാനങ്ങളും ഏർപ്പെടുത്തി അരിപ്പയിലെ ഫോറസ്റ്റ് സ്കൂൾ ഫോറസ്റ്റ് അക്കാഡമി ആക്കുന്ന പദ്ധതി.

Ajithas

**സെക്ഷൻ ഓഫീസർ**